Sl. No.

# SSLC MODEL EXAMINATION, MARCH - 2022

## MALAYALAM

First Language - Paper I

Time : 1½ Hours Total Score : 40

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ **15** മിനിറ്റ് സമാശ്വാസ സമയം ഉണ്ടായിരിക്കും. ഈ സമയം ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- വ്യത്യസ്ത സ്കോറുകളുള്ള ചോദ്യങ്ങൾ വിവിധ പാർട്ടുകളിലായാണ് നൽകിയിരിക്കുന്നത്.
- ചോദ്യങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- **1** മുതൽ **24** വരെയുള്ള ചോദ്യങ്ങൾക്ക് **40** സ്കോർ ആയിരിക്കും പരമാവധി ലഭിക്കുക.

**Score**

### പാർട്ട് - I

**1 മുതൽ 9 വരെയുള്ള ചോദ്യങ്ങൾക്ക് 1 സ്കോർ വീതം.**

**(A) 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.** **4x1=4**

1. ''അപ്പോൾ ഒന്നാമത്, ആ വെള്ളിസ്സാമാനം നമ്മുടെയായിരുന്നുവോ !''

(പാവങ്ങൾ)

മെത്രാന്റെ വാക്കുകളിൽ തെളിയുന്ന മനോഭാവം കണ്ടെത്തി എഴുതുക.

– സംശയം

– നിസ്സഹായത

– കുറ്റപ്പെടുത്തൽ

– കാരുണ്യം

2\. ''ഓതുകിന്നിതഥവാ വൃഥാശുഭേ
ഹേതു കേൾക്കുവതൊരർത്ഥമേതിനോ
നീ തുനിഞ്ഞു - നിജകർമനീതരാ -
യേതുമാർഗമിയലാ ശരീരികൾ.''
(പ്രിയദർശനം)

അവരവരുടെ കർമ്മങ്ങളാൽ നയിക്കപ്പെട്ട മനുഷ്യർ എന്തു ചെയ്യുമെന്നാണ് കവി പറയുന്നത് ?

– ഏതു മാർഗവും സ്വീകരിക്കില്ല

– ഏതു മാർഗവും സ്വീകരിക്കും.

– ഏതു മാർഗമാണ് സ്വീകരിക്കേണ്ടത് ?

– ഏതുമാർഗവും സ്വീകരിക്കാമോ ?

3\. മുക്തിക്ക് വിഘ്നം വരുത്തുവാൻ ശക്തിയുള്ളതെന്ന് എഴുത്തച്ഛൻ ചൂണ്ടിക്കാട്ടുന്നത് ഏത് ?

– വിദ്യ

–സ്നേഹം

– ക്രോധം

–എളിമ

4\. ''എരിയാൻ വിറകിന്നു കാത്തിടും
പൊരിയായുള്ളൊരു ഹവ്യവാഹന് ''
(ഋതുയോഗം)

ഏത് കഥാപാത്രത്തെയാണ് ഹവ്യവാഹൻ എന്ന പദം കൊണ്ട് സൂചിപ്പിക്കുന്നത് ?

5\. ''പഴുതേ ഞാനെന്തേ പലവക പറഞ്ഞു കേൾപ്പിക്കുന്നു.''
(പ്രലോഭനം)

പഴുതേ എന്ന പ്രയോഗത്തിൽ പുഷ്കരന്റെ ഏതവസ്ഥയാണ് തെളിയുന്നത് ?

6\. ''പുഴകടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു''
(കടൽത്തീരത്ത്)

ആരെക്കുറിച്ചുള്ള ഓർമകളാണ് വെള്ളായിയപ്പനെ കരയിച്ചത് ?

Score

**(B) 7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.** 3x1=3

7. വഴിപിഴച്ച ഒരു യുവാവിനെ മാതൃഹൃദയത്തിന്റെ ഒരു ചിത്രം വരച്ചു കാണിച്ചു മനസ്സിലക്കി.

മാതൃഹൃദയം എന്ന സമസ്തപദം വിഗ്രഹിച്ചെഴുതിയാൽ

– മാതാവിന്റെ ഹൃദയം

– മാതൃത്വത്തിന്റെ ഹൃദയം

–ഹൃദയമുള്ള മാതാവ്

– മാതാവും ഹൃദയവും

8. ''എത്രകൊറ്റക്കുടകൾ, യുഗങ്ങളിൽ

കുത്തിനിർത്തിയ മുത്തണിക്കൂണുകൾ''

(അശ്വമേധം)

അടിവരയിട്ട പ്രയോഗം നൽകുന്ന സൂചന കണ്ടെത്തി എഴുതുക.

– കാർഷിക സംസ്കാരം

– വിജ്ഞാന വിസ്ഫോടനം

– സാമ്രാജ്യത്വ ശക്തികൾ

– ദേശീയ പ്രസ്ഥാനം

9. അകത്തെന്തെങ്കിലും കാണുമെന്ന് കരുതി തുറന്നു നോക്കി.

അകത്തെന്തെങ്കിലും എന്ന പദം പിരിച്ചെഴുതിയാൽ

– അകത്തെ, എന്തെങ്കിലും

– അകത്ത്, എന്തെങ്കിലും

–അക, ത്തെന്തെങ്കിലും

– അകത്തെ, ന്തെങ്കിലും

P.T.O.

Score

## പാർട്ട് - II

**10 മുതൽ 12 വരെയുള്ള ചോദ്യങ്ങൾക്ക് 2 സ്കോർ വീതം.**

(A) **താഴെ കൊടുത്ത വാക്യം അർത്ഥവ്യത്യാസം കൂടാതെ രണ്ട് വാക്യമാക്കി മാറ്റി എഴുതുക.** 1x2=2

10. ഒരു നീണ്ട തേങ്ങലോടെ അവർ മുന്നോട്ടാഞ്ഞ് അയാളെ കെട്ടിപ്പിടിച്ചു.

(B) **11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ 1 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** 1x2=2

11. ''താത, നീയിവരോടു
പൊറുക്കേണമേ!''യെന്നു
പാതികൂമ്പിയ കൺക -
ളിപ്പൊഴും പ്രാർത്ഥിക്കുന്നു!''
(മൈക്കലാഞ്ജലോ മാപ്പ്)

ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ സവിശേഷത സൂചിപ്പിക്കാൻ ഇപ്പോഴും എന്ന പ്രയോഗത്തിലൂടെ എത്രമാത്രം സാധിക്കുന്നുണ്ട് ?

12. ''അതിൽ നിന്നു പുറത്തുകടക്കുമ്പോഴോ ?
വീണ്ടും കഴുകന്റെ നഖങ്ങളിലേക്ക്!''
(ആത്മാവിന്റെ വെളിപാടുകൾ)

അടിവരയിട്ട ഭാഗം നൽകുന്ന പ്രയോഗഭംഗി വ്യക്തമാക്കുക.

## പാർട്ട് - III

**13 മുതൽ 17 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം.**

(A) **13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിന് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.** 3x3=9

13. ''ഗോത്രാദിയൊന്നുമറിയാതെയെനിക്കിവന്റെ
ഗാത്രങ്ങളിൽത്തൊടുകയാൽ സുഖമിത്രമാത്രം
എത്രയ്ക്കു വേണമിവനെ പ്രതിപത്തിയോടെ
പുത്രത്വമോർത്ത് പുണരുന്നൊരു പുണ്യവാന്ന് ''
(ഋതുയോഗം)

പിതാവ് എന്ന നിലയിൽ ദുഷ്ഷന്തന്റെ ഹൃദയവികാരം ശക്തമായി അവതരിപ്പിക്കാൻ ഈ വരികൾക്ക് എത്രമാത്രം സാധിക്കുന്നു ? നിങ്ങളുടെ അഭിപ്രായം കുറിക്കുക.

14. ''ആ ഹൃദയോന്നതിക്കു മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിപ്പാൻ ആർക്കു സാധിക്കും ?
(യുദ്ധത്തിന്റെ പരിണാമം)

ദുര്യോധനന്റെ ഹൃദയോന്നതിയായി കുട്ടികൃഷ്ണമാരാർ വിലയിരുത്തുന്ന കാര്യങ്ങൾ കുറിക്കുക.

Score

15. ''നേരേ നിന്നോടെടോ ഞാൻ പുനരാരെന്നും പറയാം
പാരിലെന്നെയിന്നാരറിയാതവർ ?
വൈരി വൈരസേനിക്കിഹ ഞാൻ കലി.''

(പ്രലോഭനം)

വാക്കുകളിൽ തെളിയുന്ന കലിയുടെ വ്യക്തിത്വത്തിന്റെ പ്രത്യേകതകൾ കുറിക്കുക.

16. ''ധീരനായ യതി നോക്കി തന്വിതൻ
<u>ഭൂരിബാഷ്പ പരിപാടലം മുഖം</u>''

(പ്രിയദർശനം)

അടിവരയിട്ട പ്രയോഗത്തിന്റെ കാവ്യഭംഗി വ്യക്തമാക്കുക.

(B) **താഴെ കൊടുത്ത ചോദ്യത്തിന് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.** 1x3=3

17. ''അവൻ അമ്മയോട് ആരാണ് അവർക്ക് ഈ കത്തുകളെല്ലാം എഴുതിക്കൊടുക്കുന്നത് എന്ന് ചോദിച്ചതായും ഒരു 'ഷ്കോൾ കുട്ടി' യാണെന്ന് തള്ള മറുപടി പറഞ്ഞതായും അറിഞ്ഞു. അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലെത്തിപ്പോയി.''

(ഞാൻ കഥാകാരനായ കഥ)

കഥാകാരനെ രൂപപ്പെടുത്തുന്നതിൽ അനുഭവങ്ങൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. – പ്രസ്താവന പാഠഭാഗവുമായി ബന്ധപ്പെടുത്തി സമർത്ഥിക്കുക.

## പാർട്ട് - IV

**18 മുതൽ 22 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം.**

(A) **18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** 2x4=8

18. ''ഞാൻ പ്രയോഗിച്ച അസ്ത്രം അവളുടെ ഗർഭത്തിലേശുക തന്നെ ചെയ്യും. അതിനെ രക്ഷിക്കാമെന്ന് നീ കരുതേണ്ട.''

(യുദ്ധത്തിന്റെ പരിണാമം)

''ക്രോധമല്ലോ നിജ ധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം''

(ലക്ഷ്മണസാന്ത്വനം)

അശ്വത്ഥാമാവിന്റെ പ്രവൃത്തി ലക്ഷ്മണ സാന്ത്വനത്തിലെ വരികളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി കുറിപ്പു തയ്യാറാക്കുക.

Score

19. ''എന്റെ മകൻ ഈ രാത്രിയിൽ ഉറങ്ങിയിട്ടുണ്ടാവില്ല. ഉറങ്ങാതെ ഉണർന്നിട്ടുണ്ടാവില്ല. ഉറങ്ങാതെ, ഉണരാതെ അവന് ചായകുടിക്കാൻ മനസു വരുന്നതെങ്ങനെ ?''

(കടൽത്തീരത്ത്)

കഥാപാത്രത്തിന്റെ മാനസികാവസ്ഥ വായനക്കാരന്റേത് കൂടിയാക്കാൻ ഈ പ്രയോഗത്തിന് സാധിക്കുന്നു. –

സൂചന വിശകലനം ചെയ്ത് പ്രസ്താവനയോട് പ്രതികരിക്കുക.

20 '' മാതാപിതൃ, ഭ്രാതൃ മിത്രസഖികളെ
ക്രോധം നിമിത്തം ഹനിക്കുന്നിതുപുമാൻ
ക്രോധമൂലം മനസ്താപമുണ്ടായ് വരും
കോധമൂലം നൃണാം സംസാരബന്ധനം''

(ലക്ഷ്മണസാന്ത്വനം)

നൂറ്റാണ്ടുകൾക്ക് മുമ്പ് എഴുത്തച്ഛൻ രചിച്ച ഈ വരികൾക്ക് ഇന്നും പ്രസക്തിയുണ്ടോ ? സമകാലിക സംഭവങ്ങൾ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

(B) **21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **1x4=4**

21. ''ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു.''

(ഉരുളക്കിഴങ്ങ് തിന്നുന്നവർ)

കിഴവൻ മിറലിന്റെ യാത്രയുടെ ഫലപ്രാപ്തിയെ വികാരതീവ്രമാക്കാൻ കഥാകൃത്ത് ഉപയോഗിച്ചിരിക്കുന്ന വാക്കുകളുടെ സവിശേഷത വിശകലനം ചെയ്യുക.

22. ''ദിവസം മുഴുവനും അലഞ്ഞു നടന്നു വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക് ?''

(അക്കർമാശി)

കാലം കടന്നുപോയി. ലോകവും മാറി. മാറ്റിനിർത്തപ്പെടുന്നവരുടെ ജീവിതാവസ്ഥയ്ക്ക് നമ്മുടെ രാജ്യത്ത് എന്തെങ്കിലും മാറ്റം സംഭവിച്ചിട്ടുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ ? സ്വാഭിപ്രായം കുറിക്കുക.

Score

## പാർട്ട് - V

**23 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് 5 സ്കോർ വീതം.**

**(A) 23, 24 ചോദ്യങ്ങളിൽ 1 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** 1x5=5

**23.**
- താപസോചിതമായ ഈ വേഷത്തിലും മാഡം തലത്ത്, മാഡം തലത്ത് തന്നെയാണ്. ആ അഭിമാനബോധം... അതേ നിശ്ചയദാർഢ്യം...
- പൗരസ്ത്യ സംസ്കാരം മുഴുവൻ അവർ മറന്നിരുന്നു. ഔപചാരികമായി ചിട്ടപ്പെടുത്താതെ ചിരിക്കാനോ കരയാനോ കൂടി അവർക്ക് കഴിയുമെന്ന് അയാൾ മനസ്സിലാക്കിയിരുന്നില്ല.

(വിശ്വരൂപം)

സൂചനകൾക്കൊപ്പം കഥയിൽ നിന്ന് കൂടുതൽ സന്ദർഭങ്ങൾ കൂടി പരിഗണിച്ച് മിസിസ് തലത്തിനെക്കുറിച്ച് കഥാപാത്ര നിരൂപണം തയ്യാറാക്കുക.

**24.** 'ഹോ,' മെത്രാൻ മറുപടി പറഞ്ഞു : ''അപ്പോൾ വെള്ളിസ്സാമാനമാണ് നിങ്ങളെ ബുദ്ധിമുട്ടിക്കുന്നത് ? എനിക്കറിഞ്ഞുകൂടാ, അതെവിടെയാണെന്ന് .''

''ഭഗവാനേ, എന്റെ ഈശ്വരാ, അതു കട്ടുപോയി, ഇന്നലെ രാത്രി ഇവിടെ വന്ന മനുഷ്യൻ അതു കട്ടു. ''

(പാവങ്ങൾ)

ഒരേ സംഭവത്തോടുള്ള രണ്ടു വ്യക്തികളുടെ പ്രതികരണങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- o O o -